# ജർമൻ നർത്തകിയുടെ ഭരതനാട്യം നഗരവാസികൾക്ക് വിസ്മയമായി



ബാങ്ക് മെൻസ് ക്ലബ്ബ് കോഴിക്കോട് ടൗൺഹാളിൽ സംഘടിപ്പിച്ച പ്രതിമാസ പരിപാടിയിൽ ജർമൻ നർത്തകിയായ സിമോൺ ബാർവിഷ് അവതരിപ്പിച്ച ഭരതനാട്യത്തിൽനിന്ന്

**കോഴിക്കോട്:** ജർമൻ നർത്തകിയായ സിമോൺ ബാർവിഷിന്റെ ഭരതനാട്യം കോഴിക്കോട്ടുകാർക്ക് വിസ്മയമായി. ഭരതനാട്യത്തിന്റെ ശുദ്ധ ശാസ്ത്രീയത നിലനിർത്തിക്കൊണ്ടാണ് അവർ നൃത്തം അവതരിപ്പിച്ചത്. പരമ്പരാഗത നൃത്ത കലാരൂപങ്ങളോടുള്ള ആരാധനമൂലം ഇന്ത്യയിൽ എത്തിയ ബാർവിഷിന്റെ രണ്ടാമത്തെ നൃത്ത പരിപാടിയാണ് ടൗൺഹാളിൽ അരങ്ങേറിയത്. ബാങ്ക് മെൻസ് ക്ലബ്ബാണ് പരിപാടി സംഘടിപ്പിച്ചത്.

രംഗവന്ദനം നാട്ട്യാഞ്ജലിയോടെയായിരുന്നു തുടക്കം. രാഗമാലികയിൽ ജതിസ്വരം മിശ്രചാപ താളത്തിൽ ശിവവർണന കീർത്തനങ്ങളോടെ നൃത്തത്തിന് ചുവട് വെച്ചു. മധുരമീനാക്ഷിയെ സ്തുതിക്കുന്ന 'ദേവീ നീയേ തുണ...' എന്ന കീർത്തനം കേദാര ഗൗള രാഗത്തിൽ അവർ തിമിർത്താടി.

ശ്യാം കെ. മേനോൻ മൃദംഗം, സിഎൻകെ മൂർത്തി പുല്ലാംകുഴൽ, സതീശ് വർമ്മ വയലിൻ, ശ്യാമള സുരേന്ദ്രൻ നട്ടുവാങ്കം എന്നിവർ ചേർന്ന് പക്കമേളമൊരുക്കി. മിൽട്ടാ സ്റ്റാൻലി, സുഷമാ സുനിൽ എന്നിവർ കീർത്തനങ്ങളും ചൊല്ലി. ഭരതനാട്യപഠനം പൂർത്തിയാക്കിയ അവർ നവംബർ 30നാണ് കൊച്ചിയിൽ അരങ്ങേറ്റം കുറിച്ചത്. ജർമനിയിൽ നൃത്ത സ്കൂൾ സ്ഥാപിക്കുകയും വിവിധ സ്ഥലങ്ങളിൽ ഭാരതനാട്യം ഉൾപ്പെടെയുള്ള ഇന്ത്യൻ നൃത്ത കലാരൂപങ്ങൾ അവതരിപ്പിക്കുകയും ചെയ്യുമെന്ന് സിമോൺ പറഞ്ഞു. സിമോൺ നൃത്തം അവതരിപ്പിക്കുമ്പോൾ പിന്തുണയുമായി ഗുരു ശ്യാമളാ സുരേന്ദ്രനും എത്തിയിരുന്നു.